പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1140 14.06.2012 ൽ മറുപടിക്ക്

# റോഡുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പിൽ നടത്തിയ ശ്രദ്ധേയമായ കാര്യങ്ങൾ വിശദമാക്കുമോ ; | (എ)കെ.എസ്.ടി.പി<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 13 റോഡുകൾ ലോങ്ങ് ടേം മെയിന്റനൻസോടു കൂടി നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. രണ്ടാം ഘട്ടത്തിൽപ്പെട്ട തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ നിർമ്മാണ പ്രവൃത്തിയും മുത്തോലി-ഭരണങ്ങാനം-രാമപുരം-മുണ്ടുപാലം റോഡും ഹെവി മെയിന്റനൻസ് ചെയ്യുവാൻ നടപടിയെടുത്തു. ഇതു കൂടാതെ രണ്ടാംഘട്ടത്തിൽപ്പെട്ട റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗത യോഗ്യമാക്കിച്ചു.<br><br>റോഡുകളും പാലങ്ങളും വിഭാഗം<br>1. സംസ്ഥാനത്തെ 8570 കി.മീ. ഗ്രാമീണ റോഡുകളെ ജില്ലാ റോഡുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും പൊതു-മരാമത്ത് വകുപ്പ് റോഡുകളായി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചു.<br>2. പദ്ധതി പ്രവൃത്തികൾക്ക് ബഡ്ജറ്റ് വിഹിതമായ 80 കോടി രൂപ ഉൾപ്പെടെ 1300 കോടി രൂപയുടെയും ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 599.82 കോടി രൂപയുടെയും ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

3. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളുടെ കൈവശമുള്ള റോഡുഭാഗങ്ങൾ പുനരുദ്ധരിക്കുന്നതിനായി ഒൺടൈം മെയിന്റനൻസിനായി 157.96 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നു.
4. ശബരിമല റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി 63.60 കോടി രൂപയുടേയും ഹെവിമെയിന്റനൻസ് പദ്ധതിയ്ക്കായി 58.45 കോടി രൂപയുടേയും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നു.
5. പൊതുമരാമത്തു വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 194.30 കോടി രൂപകൂടി അനുവദിക്കുകയും അതനുസരിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

<u>ദേശീയ പാതാ വിഭാഗം</u>

ദേശീയപാതയിൽ മലബാർ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിലേക്കായി കേന്ദ്രം അനുവദിച്ച 200.44 കോടിയ്ക്ക് പുറമേ സംസ്ഥാന സർക്കാർ 64 കോടിക്കുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി റോഡ് ഗതാഗത യോഗ്യമാക്കി. കൂടാതെ കേരളത്തിലെ ദേശീയപാതയിലെ അറ്റകുറ്റപ്പണികൾക്കായി 20.69 കോടി രൂപയുടെ അംഗീകാരവും സംസ്ഥാന സർക്കാർ നൽകുകയുണ്ടായി. കൂടാതെ താഴെ പറയുന്ന കാര്യങ്ങളും നടപ്പിലാക്കി.

1. പൊതുമരാമത്ത് മാന്വൽ പരിഷ്ക്കരിച്ചു.
2. പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് നടപ്പിലാക്കി.
3. പൊതുമരാമത്ത് വകുപ്പിൽ ഇ-പേമെന്റ് നടപ്പിലാക്കി.
4. കോഴിക്കോട് നഗരത്തിൽ മോണോറെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ പൂർത്തിയാക്കുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഡൽഹി മെട്രോ റെയിൽ

| | |
|---|---|
| | കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.<br>5. നഗരറോഡ് നവീകരണ പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾക്ക് പുറമെ കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ നഗരങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചു. |
| (ബി) സംസ്ഥാനത്തെ റോഡുകളെ നവീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | (ബി)<br><u>കെ.എസ്.ടി.പി</u><br>കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുവാൻ തീരുമാനിച്ചു.<br><u>റോഡുകളും പാലങ്ങളും വിഭാഗം</u><br>പുതുതായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് 5100 കോടി രൂപയുടെ റോഡ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾ നടത്തുന്നതിനും, കേരളാ റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ മറ്റു ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br><u>ദേശീയ പാതാ വിഭാഗം</u><br>ദേശീയപാതകളുടെ നവീകരണത്തിനായി 2011-12 സാമ്പത്തിക വർഷം 154.59 കോടിക്കുള്ള പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്ന് അംഗീകാരം നേടുകയും അവയുടെ കരാറിനുള്ള നടപടികൾ പുരോഗമിച്ചും വരുന്നു. 2012-13 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 353.40 കോടിക്കുള്ള പദ്ധതികൾ കേന്ദ്രത്തിനു സമർപ്പിച്ച് അംഗീകാരം പ്രതീക്ഷിക്കുന്നു. കൂടാതെ 42.50 കോടിക്കുള്ള പി.ആർ. പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ട്. |

(സി)എത്ര കിലോ മീറ്റർ റോഡുകൾ എന്ത് തുക ചെലവഴിച്ച് നന്നാക്കുവാനുദ്ദേശിക്കുന്നുവെന്നു പറയാമോ ; അതിനായി ഫണ്ട് എപ്രകാരം കണ്ടെത്താനാകും?

(സി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന് 2942 കോടി രൂപ മുടക്കി 367 കി.മീ. റോഡുകൾ അപ്ഗ്രേഡ് ചെയ്യുവാനും, 1000 കി.മീ. റോഡുകളുടെ ഹെവി മെയിന്റനൻസ് ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള തുക ലോക ബാങ്ക്, മറ്റു ഫണ്ടിങ്ങ് ഏജൻസി എന്നിവ വഴിയാണ്. ഇത് കൂടാതെ 1204 കി.മീ. റോഡ്, 5100 കോടി രൂപ ചിലവഴിച്ച് നവീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി പ്രകാരം, ആർ.ഐ.സി.കെ. കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.

ദേശീയ പാതാ വിഭാഗത്തിൽ, 2011-12 കാലയളവിൽ അനുവദിച്ചതിൽ 201 കി.മീ. ദേശീയപാത 128 കോടിക്ക് പണി പൂർത്തീകരിക്കുന്നതാണ്. 2012-13 ൽ 241.75 കോടി രൂപയ്ക്ക് 323 കി.മീ. റോഡ് ചെയ്യാൻ ഉദ്ദേശിച്ച് കേന്ദ്രത്തിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ